(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിലേക്ക് മറ്റ് വകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് പി.ആന്റ്.എ. ആർ.ഡി. വകുപ്പ് എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് വകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ അധികാരവികേന്ദ്രീകരണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പൂർണ്ണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) അധികാരവികേന്ദ്രീകരണ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ തസ്തികകൾ

15 (2944) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന പ്ലാനിംഗ് ബോർഡിലും ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫീസ്

	തസ്തിക	ശമ്പള നിരക്ക് (രൂപ)	എണ്ണം
1.	കൺസൾട്ടന്റ്	14,000-18000	1
	കൺസൾട്ടന്റ്	12,600-15600	7
	കൺസൾട്ടന്റ്	10,000-15150	1
2.	സിസ്റ്റംസ് അനലിസ്റ്റ്	10,000-15150	1
3.	പ്രോഗ്രാമർ	8250-13650	1
4.	എൽ.ഡി. ക്ലാർക്ക്	3050-5230	1
5.	ഡ്രൈവർ	2750-4625	4
6.	അറ്റൻഡർ	2750-4625	1
7.	പാർട്ട് ടൈം സ്വീപ്പർ	1250 + ഡി.എ	2
	പാർട്ട് ടൈം സ്വീപ്പർ	1500 + ഡി.എ	1

LIBRARY ARCHIVES Kerala Legislative Assembly

ആകെ 20 എണ്ണം

ജില്ലാ പ്ലാനിംഗ് ഓഫീസ്

തസ്തിക	ശമ്പള നിരക്ക് (രൂപ)	എണ്ണം
1. സയന്റിഫിക്/ടെക്നിക്കൽ പെഴ്സണൽ	7200-11400	14
2. റിസർച്ച് അസിസ്റ്റന്റ്	6500-10500	14
3. ജൂനിയർ സൂപ്രണ്ട്	5500-9075	14
4. എൽ.ഡി. ടൈപ്പിസ്റ്റ്	3050-5230	14
ആകെ		56 എണ്ണം

വൈസ് ചെയർമാന്റെ പെഴ്സണൽ സ്റ്റാഫ്

തസ്തിക	ശമ്പള നിരക്ക് (രൂപ)	എണ്ണം
1. സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി	12600-15600	1
2. പ്രൈവറ്റ് സെക്രട്ടറി	7800-12975	1
3. പെഴ്സണൽ അസിസ്റ്റന്റ്	6675-10550	2
4. പ്യൂൺ	2610-3680	3
5. സെക്യൂരിറ്റി സ്റ്റാഫ്	2610-3680	2
6. ഡ്രൈവർ	2750-4625	2
ആകെ		11 എണ്ണം

(വൈസ് ചെയർമാന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഈ 11 തസ്തികകൾ നിലവിൽ ഇല്ലാതാകുന്നതാണ്)

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

16 (2945)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേക്കായി എന്തൊക്കെ നടപടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇതു സംബന്ധിച്ച് ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly